**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2756** **13-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമല ഇടത്താവളം എന്നിവയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എ. രാജ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമല ഇടത്താവളം പ്രോജക്റ്റ് എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ശബരിമല മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ചുവടെ വിവരിക്കുന്ന 4 വർക്കുകൾ ഇപ്പോൾ നടന്നു വരുന്നു. 1) ഭസ്മക്കുളം അപ്ഗ്രഡേഷൻ 2) സന്നിധാനം ബയോ ഗ്യാസ് പ്ലാൻറ് 3) സന്നിധാനം ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ 4) ഇൻഫ്രാസ്ട്രക്ചർ ഫോർ പോലീസ് ആന്റ് കെ.എസ്.ആർ.റ്റി.സി പേഴ്സണൽ. ശബരിമല ഇടത്താവളം പദ്ധതികളിൽ എരുമേലി, ചെങ്ങന്നൂർ, നിലയ്ക്കൽ, കഴക്കൂട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലം പ്രസ്തുത വർക്കിന്റെ പി.എം.സി. ആയ എൻ.ബി.സി.സി.യ്ക്ക് കൈമാറാൻ തയ്യാറായിക്കഴിഞ്ഞു. ശുകപുരം പദ്ധതി - ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മരങ്ങൾ മുറിച്ച് മാറ്റേണ്ടതുണ്ട്. ചിറങ്ങര പദ്ധതി - ടി സ്ഥലത്ത് കെട്ടിടങ്ങൾ പൊളിച്ചും, മരങ്ങൾ മുറിച്ചും മാറ്റുന്നതിനോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. മണിയൻകോട് പദ്ധതി - ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മരങ്ങൾ മുറിച്ച് മാറ്റേണ്ടതുണ്ട്. |
| (ബി) | ശബരിമല വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ബി) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രതിവർഷം സർക്കാർ ധനസഹായം നൽകി വരുന്നു. ഇതുവരെ സർക്കാർ 134.5 കോടിരൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷം 28 കോടിരൂപ സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ഒരു ലേ- ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവടങ്ങളിലെ വികസന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ബഹു. ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ പൂർണ്ണമായ ഉത്തരവാദിത്വത്തിലും മേൽനോട്ട ത്തിലുമാണ്. |
| (സി) | ഇതിനായി രൂപീകരിച്ചിട്ടുള്ള എസ്.പി. വി. യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | (ബി)യും (സി)യും ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രതിവർഷം സർക്കാർ ധനസഹായം നൽകി വരുന്നു. ഇതുവരെ സർക്കാർ 134.5 കോടിരൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷം 28 കോടിരൂപ സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ഒരു ലേ- ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവടങ്ങളിലെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ബഹു. ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ പൂർണ്ണമായ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലുമാണ്. |
| (ഡി) | ശബരിമല തീർത്ഥാടന കാലയളവിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | ശബരിമലയിലേയ്ക്കുള്ള പ്രധാന കുടിവെള്ള സ്രോതസ്സായ കുന്നാർ, കുമ്പളംതോട്, ചെക്ക് ഡാം എന്നിവ എക്കലും മണ്ണും മാറ്റി വൃത്തിയാക്കിയിട്ടുണ്ട്. സന്നിധാനത്ത് നിലവിൽ 260 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കുകളാണ് ഉള്ളത്. ഇവ സീസണ് മുമ്പ് വൃത്തിയാക്കി അണുവിമുക്തമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ശരണ പാത, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ കേരള വാട്ടർ അതോറിട്ടിയുടെ ചുമതലയിലാണ് ജല വിതരണം നടക്കുന്നത്. ഇതിനായി പമ്പയിൽ പ്രതിദിനം 130 ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്ലംബിംഗ് സിസ്റ്റവും, ഫിൽട്ടർ യൂണിറ്റുകളും പ്രവർത്തന സജ്ജമാണ്. കൂടാതെ പമ്പയിൽ നിന്ന് നിലയ്ക്കലിലേയ്ക്ക് ആവശ്യാനുസരണം ജലം ടാങ്കർ ലോറിയിൽ എത്തിക്കുന്ന വാട്ടർ അതോറിറ്റി സംവിധാനവും പൂർണ്ണ സജ്ജമാണ്. |

സെക്ഷൻ ഓഫീസർ